**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2202** **12-02-2024 - ൽ മറുപടിയ്ക്ക്**

**കോടതികളിലെ ഇ-ഫയലിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോടതികളിൽ ഇ-ഫയലിംഗ് സംവിധാനം നിലവിൽ വന്നതോടെ അഭിഭാഷക ക്ലർക്കുമാർ തൊഴിൽ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സമയവും ചെലവും ലാഭിച്ച് കേസ് ഫയലിംഗ് സാധ്യമാക്കുന്നതിനാണ് ബഹു. സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ രാജ്യത്ത് ഇ-ഫയലിംഗ് നടപ്പാക്കിവരുന്നത്. 2020 മുതൽ ബഹു. ഹൈക്കോടതിയിലും 2022 മുതൽ ജില്ലാ കോടതികളിലും ഇ-ഫയലിംഗ് നടപ്പാക്കിയിട്ടുണ്ട്.കോടതി ചെലവുകൾ കുറയ്ക്കുവാനും രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുവാനും കഴിയുന്ന ഈ സംവിധാനം പൊതുജനങ്ങൾക്ക് ഏറെ സഹായകരവുമാണ്. ഇ ഫയലിംഗ് സംവിധാനം നിലവിൽ വന്ന ശേഷം അഭിഭാഷക ക്ലാർക്കുമാർ തൊഴിൽ പ്രതിസന്ധി നേടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇ-ഫയലിംഗ് സംവിധാനത്തിൽ കൈയെഴുത്ത് പ്രതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | Electronic Filing Rules for Courts (Kerala) 2021 റൂൾ 10 പ്രകാരം ഇളവ് ഹർജികൾ, മാറ്റിവയ്ക്കൽ ഹർജികൾ, ജാമ്യാപേക്ഷകൾ, പകർപ്പ്/കോടതി രേഖകൾക്കുള്ള അപേക്ഷകൾ, സാക്ഷിപ്പടി ഡെപ്പോസിറ്റ് മെമ്മോ, പ്രോസസ് മെമ്മോ, ചെക്ക് അപേക്ഷകൾ തുടങ്ങിയവ കോടതി അനുമതിക്ക് വിധേയമായി ഇ-ഫയലിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പം 05.08.2023 മുതൽ ഇളവ് ഹർജികൾ, കുറ്റസമ്മതം നടത്തുന്ന കേസുകളിലെ വക്കാലത്ത് മെമ്മോറാണ്ടം, ക്രിമിനൽ കോടതികളിലെ മുൻകൂർ ഹർജികൾ/മാറ്റിവയ്ക്കൽ അപേക്ഷകൾ, വാറണ്ട് തിരിച്ചുവിളിക്കൽ ഹർജികൾ, ജാമ്യക്കാരുടെ പട്ടിക, ജാമ്യത്തിനുവേണ്ടിയുള്ള ഗ്യാരണ്ടറുടെ സത്യവാങ്മൂലം, രേഖകളുടെ പട്ടിക, സമൻസ്/അറിയിപ്പ് ഫോമുകൾ, സാക്ഷ്യപ്പടി ഡെപ്പോസിറ്റ് മെമ്മോകൾ, പരിശോധനാ അപേക്ഷകൾ, പ്രോസസ്സ് മെമ്മോകൾ തുടങ്ങിയവ ഇ-ഫയലിംഗ് നിർബന്ധമല്ലാത്തവയോ ഓപ്ഷണലോ ആക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പകർപ്പ് അപേക്ഷകൾ ഇ-ഫയലിംഗിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | Electronic Filing Rules for Courts (Kerala) 2021 റൂൾ 10 പ്രകാരം ഇളവ് ഹർജികൾ, മാറ്റിവയ്ക്കൽ ഹർജികൾ, ജാമ്യാപേക്ഷകൾ, പകർപ്പ്/കോടതി രേഖകൾക്കുള്ള അപേക്ഷകൾ, സാക്ഷിപ്പടി ഡെപ്പോസിറ്റ് മെമ്മോ, പ്രോസസ് മെമ്മോ, ചെക്ക് അപേക്ഷകൾ തുടങ്ങിയവ കോടതി അനുമതിക്ക് വിധേയമായി ഇ-ഫയലിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പം 05.08.2023 മുതൽ ഇളവ് ഹർജികൾ, കുറ്റസമ്മതം നടത്തുന്ന കേസുകളിലെ വക്കാലത്ത് മെമ്മോറാണ്ടം, ക്രിമിനൽ കോടതികളിലെ മുൻകൂർ ഹർജികൾ/മാറ്റിവയ്ക്കൽ അപേക്ഷകൾ, വാറണ്ട് തിരിച്ചുവിളിക്കൽ ഹർജികൾ, ജാമ്യക്കാരുടെ പട്ടിക, ജാമ്യത്തിനുവേണ്ടിയുള്ള ഗ്യാരണ്ടറുടെ സത്യവാങ്മൂലം, രേഖകളുടെ പട്ടിക, സമൻസ്/അറിയിപ്പ് ഫോമുകൾ, സാക്ഷ്യപ്പടി ഡെപ്പോസിറ്റ് മെമ്മോകൾ, പരിശോധനാ അപേക്ഷകൾ, പ്രോസസ്സ് മെമ്മോകൾ തുടങ്ങിയവ ഇ-ഫയലിംഗ് നിർബന്ധമല്ലാത്തവയോ ഓപ്ഷണലോ ആക്കിയിട്ടുണ്ട്. |
| (ഡി) | കോടതികളിൽ ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇ-ഫയലിംഗ് സംബന്ധിച്ചുള്ള സംശയനിവാരണത്തിനും അതുമായി ബന്ധപ്പെട്ടവർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി ഹൈക്കോടതിയിൽ ഇ-സേവാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ടെലിഫോണിലൂടെയുള്ള സംശയ നിവാരണത്തിനായി ഇ-ഫയലിംഗ് ഹെൽപ്പ് ഡെസ്കുകളും സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം ഇ-ഫയലിംഗ് സുഗമമാക്കുന്നതിന്, ജില്ലാ ജുഡീഷ്യറിയലെ മിക്കവാറും എല്ലാ കോടതി കേന്ദ്രങ്ങളും ഇ-സേവാ കേന്ദ്രങ്ങളും ഇ-സേവ ഹെൽപ്പ് ഡെസ്ക് കൗണ്ടറുകളും സ്ഥാപിക്കുകയും, അവ ബന്ധപ്പെട്ട കോടതികളിൽ നിന്ന് നിയോഗിക്കപ്പെട്ട ജീവനക്കാർ കൈകാര്യം ചെയ്യുകയും ചെയ്യുന്നു.ആയതിലേക്കായി എല്ലാ ഇ -സേവാ കേന്ദ്രങ്ങൾക്കും ഇ-സേവ ഹെൽപ്പ് ഡെസ്ക് കൗണ്ടറുകൾക്കും ലാപ് ടോപ്പും സ്കാനറും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ